# Malayala Manorama

# 14 August 2018

# Kakkanad: Tamil Nadu MLA, 16 tonnes of rice, Flood relief

## 16 ടൺ അരിയുമായി തമിഴ്നാട് എംഎൽഎ

കാക്കനാട് • കേരളത്തിലെ വെള്ളപ്പൊക്ക ദുരിത മേഖലകളിൽ വിതരണം ചെയ്യാൻ 16,000 കിലോഗ്രാം അരിയുമായി തമിഴ്നാട് കൗണ്ടം പാളയം എംഎൽഎ വി.സി. ആറുക്കുട്ടി. 25 കിലോ അരി നിറച്ച 640 ചാക്കുകളാണ് എംഎൽഎ കൊച്ചിയിലെത്തിച്ചത്. ഒട്ടേറെ പേർക്ക് ഉപയോഗിക്കാവുന്ന വസ്ത്രങ്ങളും കൂട്ടത്തിലുണ്ട്. കൊച്ചിൻ തമിഴ് സംഘം മുൻകയ്യെടുത്താണ് എംഎൽഎ മുഖേനെ അരിയും വസ്ത്രങ്ങളും എത്തിച്ചത്. കലക്ടർ മുഹമ്മദ് സഫിറുല്ലയും സ്പെഷൽ ഓഫിസർ രാജമാണിക്യവും ചേർന്ന് ഏറ്റുവാങ്ങിയ അരി അപ്പോൾ തന്നെ ഇടുക്കിയിലേക്ക് അയച്ചു. തമിഴ് സംഘം ലീഡർ സി. സുകുമാർ, ഓർഗനൈസർ പി. ഇന്ദിര ശേഖരൻ, സെക്രട്ടറി കെ.വി. രമേശ്, ട്രഷറർ പി. ഗണപതി എന്നിവരും സന്നിഹിതരായിരുന്നു.